12574
6/6/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1733/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 26.05.2017

================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.04.2014-ലെ ഇ 5-(എസ് സി 17/13/ഇആർകെ) 31912/2013 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 02.05.2014-ലെ 5143/ഡി3/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 15.07.2014-ലെ 33295/ഇപിബി2/14/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ യു.ഡി.ക്ലർക്ക് ശ്രീ. ഗോപകുമാർ റ്റി.ജി, യു.ഡി.ക്ലർക്ക് ശ്രീമതി. ഷൈലശ്രീ കെ.എൻ, എൽ.ഡി. ക്ലർക്കുമാരായ ശ്രീമതി. പ്രീത മാത്യു, ശ്രീമതി. ആഷ ഗോപിദാസ് എന്നിവർ സമർപ്പിച്ച എതിർവാദ പത്രികകൾ

**ഉത്തരവ്**

ഓപ്പറേഷൻ സർവ്വീസ് റൈറ്റ്സിന്റെ ഭാഗമായി ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. വിജിലൻസ് പരിശോധനയിൽ, കെട്ടിട പെർമിറ്റ്, ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച ഫയലുകൾ തീർപ്പാക്കുന്നതിൽ അകാരണമായ കാലതാമസം ഉള്ളതായി കണ്ടെത്തുകയും അതിന് കാരണക്കാരായ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ യു.ഡി.ക്ലർക്ക് ശ്രീ. ഗോപകുമാർ, യു.ഡി.ക്ലർക്ക് ശ്രീമതി. ഷൈലശ്രീ കെ.എൻ, എൽ.ഡി. ക്ലർക്കുമാരായ ശ്രീമതി. പ്രീത മാത്യു, ശ്രീമതി. ആഷ ഗോപിദാസ് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (3) പ്രകാരം ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം എതിർവാദ പത്രികകൾ സമർപ്പിച്ചു.

കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷകളിന്മേൽ അകരാണമായ കാലതാമസം വരുത്തുന്നു എന്നുള്ള കുറ്റപത്രത്തിലെ ആരോപണത്തിന്മേൽ ശ്രീ. റ്റി.ജി. ഗോപകുമാർ സമർപ്പിച്ച എതിർവാദ പത്രികയിൽ ടിയാൻ ടി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന കാലത്ത് വസ്തു നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ്, വിവിധ ഇനം ലൈസൻസ്, ഷോപ്പിംഗ് കോംപ്ലക്സ്, വിവരാവകാശം എന്നിവയുടെയൊക്കെ സെക്ഷൻ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്നുവെന്നും ടി കാലയളവിൽ ലഭിച്ചിരുന്ന കെട്ടിട നിർമ്മാണ അപേക്ഷകൾ സർക്കാരിന്റെ സർക്കുലർ പ്രകാരം സാങ്കേതിക വിഭാഗം

ജീവനക്കാരുടെ ഫീൽഡ് റിപ്പോർട്ടിനായി അപേക്ഷ ലഭിക്കുന്ന ദിവസമോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ പ്രത്യേക രജിസ്റ്ററിൽ ചേർത്ത് കൈമാറിയിരുന്നതായും പരിശോധനയ്ക്ക് ശേഷം തിരികെ ലഭിക്കുന്ന അപേക്ഷകളിൽ സെക്രട്ടറി ഫീസ് നിശ്ചയിച്ച്, അനുമതി നൽകാവുന്നതാണെന്ന ഉത്തരവ് സഹിതം സെക്ഷനിൽ തിരിച്ചെത്തുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചിരുന്നു എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. സാങ്കേതിക വിഭാഗം ജീവനക്കാരുടെ റിപ്പോർട്ടിന്റെയും, സെക്രട്ടറിയുടെ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് നിർമ്മാണാനുമതി നൽകുന്നതെന്നും ടിയാൻ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലംമാറുന്ന കാലയളവ് വരെ കുറ്റപത്രത്തിൽ സൂചിപ്പിച്ചിരുന്ന ഫയലുകൾ സെക്ഷനിൽ തിരികെ ലഭിച്ചിരുന്നില്ലായെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. തോമസ് ജോസഫ് എന്നയാൾ കെട്ടിടനിർമ്മാണ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചില്ല എന്ന ആരോപണത്തിന്മേൽ യു.ഡി. ക്ലാർക്ക് ശ്രീമതി. ഷൈലശ്രീ കെ.എൻ. സമർപ്പിച്ച എതിർവാദ പത്രികയിൽ ടിയാരിക്ക് ഡി&ഒ ലൈസൻസ്, പെർമിറ്റ്, അസസ്മെന്റ്, വിവരാവകാശം, ഓഡിറ്റ്, കേസ്, ഗവൺമെന്റ് കത്തുകൾ, ലേലം, എസ്റ്റാബ്ലിഷ്മെന്റ്, കാഷ്യർ എന്നീ മുഖ്യ സീറ്റുകളുടെ ചുമതലയുണ്ടായിരുന്നുവെന്നും ജോലിഭാരം കൂടുതലായതിനാൽ പുതിയ സീനിയർ ക്ലാർക്കിന് ഓഫീസ് ഉത്തരവ് പ്രകാരം പെർമിറ്റിന്റെ ചുമതല നൽകിയിരുന്നുവെന്നും പരിശോധനയിൽ കണ്ടെടുത്ത ഫയൽ ടി ഉത്തരവ് പ്രകാരം ടി സെക്ഷൻ ക്ലാർക്കിന് നൽകിയിരുന്നതാണെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്.

ഉടമസ്ഥാവകാശം മാറ്റുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിച്ചില്ല എന്ന ആരോപണത്തിന്മേൽ എൽ.ഡി. ക്ലാർക്ക് ശ്രീമതി. പ്രീതാ മാത്യു സമർപ്പിച്ച എതിർവാദ പത്രികയിൽ അപേക്ഷ സമർപ്പിച്ച സമയത്ത് ഉടമസ്ഥാവകാശം മാറ്റുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുകയും ആധാരത്തിന്റെ അസ്സൽ കാണിക്കുകയോ, ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി കൊണ്ടുവരികയോ ചെയ്യണമെന്ന് അപേക്ഷകനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അപേക്ഷകൻ ആയത് ഹാജരാക്കാതിരുന്നതിനാലും ഓഫീസിലെ ജോലിത്തിരക്കു കാരണം അപേക്ഷയിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല എന്നും ടിയാരി ബോധിപ്പിട്ടിട്ടുണ്ട്.

കെട്ടിട ഉടമസ്ഥാവകാശം മാറ്റുന്നതിനു നൽകിയ അപേക്ഷയിൽ തുടർനടപടി സ്വീകരിച്ചില്ല എന്ന ആരോപണത്തിന്മേൽ എൽ.ഡി. ക്ലാർക്ക് ശ്രീമതി. ആഷ ഗോപിനാഥ് സമർപ്പിച്ച എതിർവാദ പത്രികയിൽ ടി അപേക്ഷ സമർപ്പിച്ചപ്പോൾ ഒറിജിനൽ ആധാരം ഒത്തുനോക്കാതെയാണ് ഫ്രണ്ട് ഓഫീസിൽ അപേക്ഷ സ്വീകരിച്ചതെന്നും അപേക്ഷയിൽ ഫോൺ നമ്പർ ഉണ്ടായിരുന്നതിനാൽ ഒറിജിനൽ ആധാരം ഹാജരാക്കുവാൻ ഫോൺ മുഖേന അപേക്ഷകനെ അറിയിക്കുകയും ആയതു പ്രകാരം ലഭ്യമാക്കിയ ആധാരത്തിൽ കെട്ടിട നമ്പർ ഇല്ലാത്തതിനാൽ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സെക്രട്ടറി നിർദ്ദേശിക്കുകയും ഇക്കാലയളവിലാണ് വിജിലൻസ് പരിശോധന നടന്നതെന്നും തൊട്ടടുത്ത ദിവസം തന്നെ സ്ഥലംപരിശോധിച്ച് അവ്യക്തത മാറ്റിയശേഷം ഉടമസ്ഥാവകാശം മാറ്റി നൽകിയിട്ടുള്ളതാണെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിജിലൻസ് ത്വരിത പരിശോധനാ റിപ്പോർട്ടിന്റെയും കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷ സംബന്ധിച്ച 6 ഫയലുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് അകാരണമായ കാലതാമസം വരുത്തിയിട്ടുണ്ട് എന്ന് കണ്ടതിനാൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീ. റ്റി.ജി. ഗോപകുമാറിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ഉത്തരവാകുന്നു. ഒരു

ഫയലിൽ മാത്രം കാലതാമസമുണ്ടായി എന്ന് കണ്ടതിനാൽ യു.ഡി. ക്ലാർക്ക് ശ്രീമതി. ഷൈലശ്രീ കെ.എൻ, എൽ.ഡി. ക്ലാർക്കുമാരായ ശ്രീമതി. പ്രീത മാത്യു, ശ്രീമതി. ആഷ ഗോപിദാസ് എന്നിവർക്ക് ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ 'warning' നല്കിയും ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഏറ്റുമാന്നൂർ ഗ്രാമപഞ്ചായത്ത്, കോട്ടയം
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.13082/ഡി3/2016/വിജി. തീയതി 04.02.2017 പ്രകാരം)
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.33295/ഇപിബി2/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ